എമ്മാവൂസ്
വചനദൂത്
Vol. VIII Issue : 53



# ദുഃഖവെള്ളി

ഫാ. ജിൻസ് മുക്കോക്കാലയിൽ

യൂദാസിൽനിന്നും പത്രോസിലേക്കും പത്രോസിൽനിന്നും നല്ല കള്ളനിലേക്കുമുള്ള വളർച്ചയാണ് ദുഃഖ വെള്ളി.

അമ്പേ പരാജയപ്പെട്ടുവെന്ന് ലോകം കരുതിയവനിൽ വിജയം കണ്ടെത്തുന്നതാണ് ദുഃഖ വെള്ളി ആചരണം. ആർക്കും ഒരു ദ്രോഹവും ചെയ്യാതെ നന്മമാത്രം ചെയ്ത് കടന്നുപോയിട്ടും അവസാനം അപമാനത്തിന്റെ അടയാളമായ കുരിശ്ശിൽ തൂങ്ങി മരിക്കേണ്ടിവന്ന മനുഷ്യൻ പരാജിതനെന്ന് ലോകം പറയും. പക്ഷേ വിജയത്തിന്റെ കൊടിനാട്ടിയാണ് താൻ കാൽവരി കയറിയതെന്ന് “പിതാവേ നിന്റെ കൈകളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു” ( 23:46) സങ്കീർത്തനം ഉറക്കെചൊല്ലി അവൻ വിളിച്ചു പറയുകയാണ്.

സത്യ വിജയത്തിന്റെ ഈ പദയാത്രയിൽ അനേകം വ്യക്തിത്വങ്ങളെ നാം കണ്ടുമുട്ടുണ്ട്. ഇവർ നന്മതിന്മകൾ തമ്മിലുള്ള പോരാട്ടത്തിൽ സ്ഥാനം പിടിച്ചുവരാണ്. അത്ഭുതങ്ങൾ കാണിച്ച് അവൻ തന്നെത്തന്നെയും എന്നെയും രക്ഷപ്പെടുത്തും എന്നു കരുതിയ യൂദാസിന്റെ മനോഭാവം. എന്തും സ്വാർത്ഥതയോടെ നേടിയെടുക്കാൻ ആഗ്രഹിക്കുന്നവൻ. “അനേകർക്ക് മോചനദ്രവ്യ

മാകാൻ വന്ന" ഗുരുവിനെ മനസ്സിലാക്കാൻ കഴി യാതെ പോയ ശിഷ്യൻ. എല്ലാം സമർപ്പിക്കുന്ന വന്റെ ശിഷ്യൻ ഒന്നും വിട്ടുകൊടുക്കാൻ കഴിയാ ത്തവനായി നിൽക്കുന്നു. സ്വാർത്ഥതകൊണ്ട് ഗുരു വിനെ ഒറ്റിക്കൊടുത്തവൻ അപ്പം വിളമ്പി ആദ്യം നൽകിയതും ഇവനു തന്നെയായിരുന്നു. വർഷങ്ങ ളോളം ഇസ്രായേൽ പ്രാർത്ഥിച്ചു കാത്തിരുന്ന അപ്പം ആദ്യമായി കയ്യിൽ കിട്ടിയിട്ടും മനസ്സിലാ കാതെ പോയ പരാജിതനായ ശിഷ്യൻ. അനുതാ പത്തിന് അവസരമുണ്ടായി, എന്നിട്ടും അവൻ സ്വയം നശിപ്പിച്ച് പരാജയം ഏറ്റുവാങ്ങുകയാണ്. സ്നേഹത്തിലേക്കുള്ള വളർച്ച അവസാനിപ്പിച്ച് അടിയറവ് പറഞ്ഞവൻ.

ഗുരുവിന്റെ കൂടെ നടന്ന് എല്ലാം കണ്ടും, കേട്ടും, തൊട്ടും അനുഭവിച്ചറിഞ്ഞ് അപ്പന്റെ മണം ദേഹത്ത് പതിഞ്ഞവനാണ് പത്രോസ്. ഗുരുവിന്റെ നിഴൽകണ്ട് തിബേരിയാസിൽ അവനെ തിരിച്ചറി ഞ്ഞവൻ. വെള്ളത്തിനുമീതെ അവന്റെ അടുക്ക ലേക്ക് നടന്നടുത്തവൻ, ഭയം നിമിത്തം ഒരു സ്ത്രീയുടെ ചോദ്യത്തിനുമുമ്പിൽ അനുഭവിച്ച സ്നേഹത്തെ മറന്നു പോകുകയാണ്. നീ ജീവ നുള്ള ദൈവത്തിന്റെ പുത്രനായ മിശിഹയാണ് എന്നു പറഞ്ഞ ശിഷ്യൻ നിനക്കുണ്ടായിരുന്നു. പൂർണ്ണമായ ബോദ്ധ്യത്തെ അറിവിനെ അറിയി ല്ലെന്നു പറയുന്നു. ഭയം കൊണ്ട് പരാജിതനായ ശിഷ്യൻ. പരാജിതനായപ്പോഴും ദൂരേന്ന് മുഴങ്ങി കേട്ട ഓർമ്മപ്പെടുത്തൽ അവനെ വിജയത്തിലേക്ക് നയിക്കുകയാണ്. ഓർമ്മകൾക്ക് ഇടം കൊടു ക്കാതെ, പാപങ്ങൾക്ക് മാപ്പു കൊടുത്തവനെ തിരി ച്ചറിയാതെ യൂദാസ് സ്വയം അവസാനിപ്പിച്ചപ്പോൾ ഓർമ്മകളിൽ ഗുരു സ്നേഹത്തെ തിരിച്ചറിഞ്ഞ താണ് പത്രോസിന്റെ വളർച്ച. യൂദാസ്സിൽനിന്നും പത്രോസിലേക്കുള്ള വളർച്ച.

ഭയം കൂടാതെ സത്യത്തേ പ്രഘോഷിച്ചവൻ, നഷ്ടപ്പെട്ടതിനെ വീണ്ടെടുത്തവൻ, സ്വാർത്ഥയും ഭയവും വെടിഞ്ഞ് ഉചിതമായത് സ്വീകരിച്ചവൻ. ലൂക്കാ സുവിശേഷം വിരൽ ചൂണ്ടുന്നത് കുരി ശ്ശിന്റെ വഴിയിലെ ഈ വിജയത്തിലേക്കാണ്. (ലൂക്കാ. 23:42) കർത്താവിന്റെ കൂടെ കിടന്ന നല്ല കള്ളൻ ശാന്തനായി, ഭയംകൂടാതെ, സ്വാർത്ഥ കൂടാതെ തന്റെ കുറവുകളെ തിരിച്ചറിഞ്ഞ് പ്രാർത്ഥിക്കുന്നത്. "എന്നെയും ഓർക്കണമേ" എന്നും മാത്രം. ഓർമ്മകളിൽ ഗുരു മരിച്ചുപോയ ശിഷ്യന്മാരെ പോലെയല്ല. അവന്റെ വാക്കും പ്രവൃ ത്തികളും ഓർമ്മകളിൽ സൂക്ഷിച്ച കള്ളൻ. നീതിയെ തിരിച്ചറിഞ്ഞ് അവന്റെ ഓർമ്മകളിലേക്ക് കയറിപറ്റാൻ ശ്രമിക്കുകയാണ്. അവന്റെ ചരിത്രം പറുദീസായോളം എത്തി നിൽക്കുന്നു. പറുദീസാ യിലേക്കുള്ള ചവിട്ടുപടിയാണ് കാൽവരിയിലെ കുരിശ്. അപമാനത്തിന്റെ കുരിശ്ശ് പറുദീസായിലേ ക്കുള്ള ചവിട്ടുപടിയാക്കിമാറ്റിയ ഗുരുവിനെ ഏറ്റു പറയുന്നതാണ്. പത്രോസ്സിൽനിന്ന് നല്ല കള്ളനി ലേക്കുള്ള വളർച്ച.

പ്രതിസന്ധികളിലും, വേദനകളിലും അപമാന ത്തിലും, നിന്ദയിലും ചോരചീന്തി സഭ സ്ഥാപിച്ച കർത്താവിലുള്ള വിശ്വാസം ഏറ്റു പറയുകയും സഭ യോടൊത്ത് ആ വിശ്വാസം വളർത്തുകയും ചെയ്യു ന്നതാകട്ടെ ദുഃഖവെള്ളി ആചരണം.

